**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 594** **10-02-2025 - ൽ മറുപടിയ്ക്ക്**

**സിഡ്കോ വുഡ് വർക്കിംഗ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ കൊല്ലകടവിൽ സിഡ്കോ വുഡ് വർക്കിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്തുതന്നെ വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (ബി) | നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>സിഡ്കോയുടെ കീഴിലുള്ള 8 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് 2019 - 20 സാമ്പത്തിക വർഷം 9.95 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൽ നിന്നും സിഡ്കോ വുഡ്സ് വർക്ക്ഷോപ്പ് കൊല്ലക്കടവ് യൂണിറ്റിന്റെ നവീകരണത്തിനായി 28,71,616/- രൂപയുടെ മെഷീനറികൾ വാങ്ങിയിട്ടുമുണ്ട്. ഈ ഉദ്പാദന യൂണിറ്റിന്റെ 2021 മുതലുള്ള വിറ്റുവരവ് ചുവടെ കൊടുക്കുന്നു.<br><br>2021 – 22 : 255.1 ലക്ഷം<br><br>2022 – 23 : 232.57 ലക്ഷം<br><br>2023 – 24 : 216.66 ലക്ഷം |
| (സി) | പ്രസ്തുത സ്ഥാപനം മാവേലിക്കര മണ്ഡലത്തിൽ നിലനിർത്തി ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | മേൽ സൂചിപ്പിച്ച മെഷീനുകൾ സിഡ്കോ വുഡ്സ് വർക്ക്ഷോപ്പ് കൊല്ലക്കടവ് യൂണിറ്റിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. യൂണിറ്റ് ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ